## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5004

14.11.2019-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികളുടെ ലൈഫ് ജാക്കറ്റുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സുരക്ഷയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് ജോലിയിൽ ഏർപ്പെടുമ്പോൾ ധരിക്കാൻ ലഭ്യമാക്കിയ ലൈഫ് ജാക്കറ്റുകൾ ധരിച്ച് ജോലി ചെയ്യാൻ കഴിയില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ധരിച്ച് അൽപം സമയം കഴിഞ്ഞാലുടൻ ശ്വാസതടസ്സം അനുഭവപ്പെടുമെന്നും കൂടാതെ വല വലിച്ചു കയറ്റാനടക്കം ഇതു തടസ്സമാകും എന്ന കാര്യവും പരിശോധിക്കുകയുണ്ടായോ; | (ബി) | നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത് വരുന്ന ലൈഫ് ജാക്കറ്റിനെ സംബന്ധിച്ച് ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഓഖി ദുരന്തത്തിന്റെ ആഘാതം ഏൽക്കേണ്ടി വന്ന മത്സ്യത്തൊഴിലാളികൾക്ക് ഭാവിയിൽ ഇത്തരം ദുരന്തങ്ങളിൽ നിന്നും രക്ഷ നേടുക എന്ന ലക്ഷ്യത്തോടെ ആദ്യ ഘട്ടത്തിൽ ഇൻഫ്ളാറ്റബിൾ ലൈഫ് ജാക്കറ്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ നൽകുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ മുഖേന ലഭ്യമായ കമ്പനികളുടെ ലൈഫ് ജാക്കറ്റുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് തീരുമാനിക്കുകയും എന്നാൽ ടി ഇൻഫ്ളാറ്റബിൾ ലൈഫ് ജാക്കറ്റുകൾ കഴുത്ത് ചുറ്റി രൂപ കല്പന ചെയ്തിട്ടുള്ളതിനാൽ വായു നിറഞ്ഞ് കഴിയുമ്പോൾ കഴുത്ത് ഞെരുങ്ങുകയും ശ്വാസ തടസമുണ്ടായി മത്സ്യത്തൊഴിലാളികൾക്ക് നീന്താൻ കഴിയാതെ വരുന്നതായും പ്രയോഗിക പരിശോധനയിൽ മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാധാരണ രീതിയിലുള്ള ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് തീരുമാനിക്കുകയും 40,000 എണ്ണം സാധാരണ രീതിയിലുള്ള ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്ത് വരികയുമാണ്. |

| | | | |
|---|---|---|---|
| (സി) | സ്ഥലപരിമിതി കാരണം പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ കൊണ്ടുപോകാൻ മത്സ്യത്തൊഴിലാളികൾ മടിക്കുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (സി) | മത്സ്യത്തൊഴിലാളികൾ പൊതുവെ സുരക്ഷാ ഉപകരണങ്ങൾ കരുതുന്ന കാര്യത്തിൽ തൽപരരല്ല. എന്നാലും ഒരു മത്സ്യത്തൊഴിലാളി പോലും സുരക്ഷാ ഉപകരണങ്ങളുടെ അഭാവത്തിൽ കടലിൽ മരണപ്പെടരുത് എന്ന ലക്ഷ്യത്തോടെ ടി സുരക്ഷാ ഉപകരണങ്ങൾ മത്സ്യബന്ധന ത്തിന് പോകമ്പോൾ കരുതുന്നതിനുള്ള ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന വിധത്തിൽ കെ.എം.എഫ്.ആർ ആക്ട്, റൂൾ എന്നിവയിൽ ഉൾപ്പെടുത്തി നിയമ വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇക്കാര്യങ്ങളിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 2018 സെപ്റ്റംബർ 1 കെ.എം.എഫ്.ആർ ആക്ട് ഭേദഗതിയിൽ മത്സ്യബന്ധന യാനങ്ങളിൽ ജീവൻ രക്ഷാ ഉപകരണങ്ങളും fire fighting ഉപകരണങ്ങളും നിഷ്കർഷിക്കുകയും 2019 സെപ്റ്റംബർ 1 മുതൽ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തുന്ന യാനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശിക തലത്തിലും, സംസ്ഥാന തലത്തിലും മത്സ്യത്തൊഴിലാളി നേതാക്കളുടെയും പ്രതിനിധികളുടെയും യോഗം വിളിച്ചു ചേർത്ത് ടി വിഷയത്തിൽ ബോധവൽക്കരണം നടത്തിവരുന്നു. മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് സ്റ്റേഷനുകൾ വഴിയും മത്സ്യഭവനുകൾ വഴിയും, ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ വഴിയും ബോധവൽക്കരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ